"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മിക്കുന്നതിനായി സ്വകാര്യവ്യക്തികളിൽ നിന്നും ഭൂമി പൊന്നുംവിലയെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 431/07, 358/07, 187/07, 345/07, 167/07 കേസുകളിൽ കോടതി വിധി പ്രകാരമുള്ള തുക അടവാക്കുന്നതിനു 33,75,99,631/- രൂപ (മുപ്പത്തി മൂന്ന് കോടി എഴുപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതായിരത്തി അറുനൂറ്റി മുപ്പത്തൊന്ന് രൂപ മാത്രം) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2491/2024/LSGD തീയതി,തിരുവനന്തപുരം, 18-12-2024

---

പരാമർശം:-
1. 24.07.2023- ലെ സ.ഉ (സാധാ) 5514/2023/ധന നമ്പർ ഉത്തരവ്
2. തിരുവനന്തപുരം ജില്ലാകളക്ടറുടെ 19.10.2024-ലെ K1- 8669/11 നമ്പർ കത്ത്
3. 23.10.2024 -ലെ സ.ഉ.(സാ.ധാ)നം. 2026/2024 / തസ്വഭവ നമ്പർ ഉത്തരവ്
4. 12.12.2024 ലെ GO(Rt) 9216/2024/Fin നമ്പർ ഉത്തരവ്

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി സ്വകാര്യവ്യക്തികളിൽ നിന്നും ഭൂമി പൊന്നുംവിലയെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 431/07, 358/07, 187/07, 345/07, 167/07 കേസുകളിൽ കോടതി വിധി പ്രകാരമുള്ള തുക അടവാക്കുന്നതിനു 30.11.2024 വരെ അധികരിച്ച തീയതി അടിസ്ഥാനപ്പെടുത്തി പലിശകണക്കാക്കി തിരുവനന്തപുരം ജില്ലാകളക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രൊപോസലിന്റെ അടിസ്ഥാനത്തിൽ 33,75,99,631/-രൂപയുടെ (മുപ്പത്തി മൂന്ന് കോടി എഴുപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതായിരത്തി അറുനൂറ്റി മുപ്പത്തൊന്ന് രൂപ മാത്രം) ഭരണാനുമതി നൽകി പരമാർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി സ്വകാര്യവ്യക്തികളിൽ നിന്നും ഭൂമി പൊന്നുംവിലയെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 431/07, 358/07, 187/07, 345/07, 167/07 കേസുകളിൽ കോടതി വിധി പ്രകാരമുള്ള തുക അടവാക്കുന്നതിനു 4217 01 800 99 CAPITAL REGION DEVELOPMENT PROJECT(Plan - Charged) എന്ന ശീർഷകത്തിൽ 33,76,00,000/- രൂപയുടെ (മുപ്പത്തി മൂന്നു കോടി എഴുപത്തി ആറ് ലക്ഷം) അധിക ധനാനുമതി നൽകി പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു..

3. 4217 01 800 99 CAPITAL REGION DEVELOPMENT PROJECT(Plan - Charged) എന്ന ശീർഷകത്തിന്റെ CCO ആയി നഗരകാര്യ വകുപ്പ് ഡയറക്ടറെ ക്രോസ്സ് മാപ് ചെയ്ത് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു..

4. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി സ്വകാര്യവ്യക്തികളിൽ നിന്നും ഭൂമി പൊന്നുംവിലയെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 431/07, 358/07, 187/07, 345/07, 167/07 കേസുകളിൽ കോടതി വിധി പ്രകാരമുള്ള തുക

പരാമർശം (3) ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടവാക്കുന്നതിനു 4217 01 800 99 CAPITAL REGION DEVELOPMENT PROJECT(Plan - Charged) ശീർഷകത്തിൽ നിന്നും 33,75,99,631/-രൂപ (മുപ്പത്തി മൂന്ന് കോടി എഴുപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതായിരത്തി അറുനൂറ്റി മുപ്പത്തൊന്ന് രൂപ മാത്രം) തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുവദിക്കുന്നതിലേക്കായി നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. നിലവിലെ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് മേൽ പറഞ്ഞ അധിക ചെലവ് ക്രമപ്പെടുത്തുന്നതിനുള്ള പ്രൊപോസൽ ഡയറക്ടർ (അർബൻ) സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

ജില്ലാകളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ്
സ്പെഷ്യൽ ഓഫീസർ, ക്യാപിറ്റൽ റീജിയൺ ഡെവലപ്മെന്റ് പ്രോജക്ട്
ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
ട്രാൻസ്പോർട്ട് (എ ) വകുപ്പ്
ധനകാര്യ (ഡവലപ്മെന്റ് ) വകുപ്പ് (Dev2/95/2022/Fin)

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 19-12-2024 12:18:59

പകർപ്പ്-
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്